പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 754 — 10/02/2016 ൽ മറുപടിക്ക്

## ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് അനുവദിച്ച തുക

| | ചോദ്യം<br>ശ്രീ. ജി. എസ്. ജയലാൽ | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ചാത്തന്നൂർ മണ്ഡലത്തിലെ നെടുങ്ങോലം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് അനുവദിച്ച തുക എത്ര; വ്യക്തമാക്കാമോ; | (എ) | നൂറ്റി എൺപത് ലക്ഷം രൂപ അനുവദിച്ചു. ഇതിൽ 170 (നൂറ്റി എഴുപത്) ലക്ഷം രൂപ ഉപകരണങ്ങൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത തുക ഏതൊക്കെ ആവശ്യങ്ങൾക്കാണ് വിനിയോഗിക്കുന്നതെന്നും അതുമൂലം ഏതൊക്കെ ഗുണഫലങ്ങളാണ് രോഗികൾക്ക് ലഭിക്കുന്നതെന്നും അറിയിക്കുമോ; | (ബി) | ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനാവശ്യമായ കെട്ടിടനിർമ്മാണം, ഉപകരണങ്ങൾ, ഫർണിച്ചർ, മരുന്നുകൾ ഇവ വാങ്ങുന്നതിനും കോൺട്രാക്ട് സ്റ്റാഫിന്റെ ഹോണറേറിയം എന്നീ ആവശ്യങ്ങൾക്കാണ് വിനിയോഗിക്കുന്നത്. വൃക്ക രോഗികൾക്ക് ഈ യൂണിറ്റിന്റെ പ്രവർത്തനം വളരെയധികം ആശ്വാസദായകമാകുന്നതാണ്. |
| (സി) | പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം എന്നത്തേക്ക് പ്രാവർത്തികമാക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ; വിശദാംശം വെളിപ്പെടുത്താമോ? | (സി) | കെട്ടിടം പണി പൂർത്തീകരിക്കുന്നമുറയ്ക്ക് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും ഉപകരണങ്ങൾ ലഭ്യമാക്കി എത്രയും വേഗം യൂണിറ്റിന്റെ പ്രവർത്തനം പ്രാവർത്തികമാക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ